ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം-9

# ഏദൻ തോട്ടം

● ഇ.സി സൈമൺ മാസ്റ്റർ

**പല** ബൈബിൾ പ്രസ്താവനകളും ഖുർആൻ ശരിവെക്കുകയാണ്. അതിലൊന്നാണ് പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവ് അല്ലാഹുവാണെന്ന കാര്യം. സൃഷ്ടികർമം ആറുദിവസം കൊണ്ട് അല്ലാഹു പൂർത്തിയാക്കിയെന്ന് രണ്ടുഗ്രന്ഥങ്ങളും പ്രസ്താവിക്കുന്നു. സൃഷ്ടിയിലെ ആദ്യ മനുഷ്യൻ ആദം ആയിരുന്നു എന്ന കാര്യത്തിലും യോജിപ്പിലാണ് ഇരു ഗ്രന്ഥങ്ങളും. ആദമിന്റെ സൃഷ്ടിയെപ്പറ്റി ബൈബിൾ വിവരിച്ചത് ഇങ്ങനെ:

“യഹോവയായ ദൈവം ഭൂമിയിലെ മണ്ണുകൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ മൂക്കിലേക്ക് ഊതുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു. അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ താമസിപ്പിച്ചു. കാഴ്ചക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും ദൈവം മണ്ണിൽനിന്നു മുളപ്പിച്ചു. ജീവന്റെ വൃക്ഷവും നന്മ-തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ ദൈവം വളർത്തി” (ഉൽപത്തി: 2:7-9)

താൻ സൃഷ്ടിച്ച മനുഷ്യന് യോജിച്ച ഒരു ഇണയെ ആവശ്യമാണെന്നു കണ്ടപ്പോൾ ദൈവം അവന് ഒരു ഇണയെ സൃഷ്ടിച്ചു നൽകി. മനുഷ്യന് ഇണയായി സ്ത്രീയെ എങ്ങനെ സൃഷ്ടിച്ചു എന്ന് ഖുർആൻ വിവരിച്ചിട്ടില്ല. ബൈബിളിൽ അത് ഇങ്ങനെ വിവരിച്ചിരിക്കുന്നു:

“യഹോവയായ ദൈവം മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി. ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തതിനുശേഷം അവിടം മാംസം കൊണ്ട് മൂടി. മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലുകൊണ്ട് ദൈവം ഒരു സ്ത്രീക്ക് രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു: ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും. നരനിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിക്കപ്പെടും. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും. പുരുഷനും അവന്റെ ഭാര്യയും നഗ്നരായിരുന്നു. എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല” (ഉൽപത്തി: 2:21-25).

“ആദം, ഭാര്യയെ ഹവ്വാ എന്നു വിളിച്ചു. കാരണം, അവൾ ജീവനുള്ളവരുടെയെല്ലാം മാതാവാണ്” (ഉൽപത്തി: 3:20).

പുരുഷനിൽനിന്നാണ് സ്ത്രീയെ സൃഷ്ടിച്ചതെന്ന് അംഗീകരിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു” (4:1).

മനുഷ്യചരിത്രത്തിലെ ആദ്യകൊലപാതകം ആദമിന്റെ ആദ്യപുത്രൻ കായേൻ ആണ് നടത്തിയതെന്ന ബൈബിൾ പ്രസ്താവനയോട് ഖുർആനും യോജിക്കുകയാണ്. ബൈബിൾ വിവരണം ഇങ്ങനെ:

“ആദം തന്റെ ഭാര്യയായ ഹവ്വായോടു ചേർന്നു. അവൾ ഗർഭം ധരിച്ച് കായേനെ പ്രസവിച്ചു. അവൾ പറഞ്ഞു: കർത്താവു കടാക്ഷിച്ച് എനിക്ക് പുത്രനെ ലഭിച്ചിരിക്കുന്നു. പിന്നീട് അവൾ കായേന്റെ സഹോദരൻ ആബേലിനെ പ്രസവിച്ചു. ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനുമായിരുന്നു. ഒരിക്കൽ കായേൻ തന്റെ വിളവിൽ ഒരു ഭാഗം കർത്താവിന് കാഴ്ച സമർപ്പിച്ചു. ആബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽക്കുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ കർത്താവിന് കാഴ്ചവെച്ചു. ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും ദൈവം പ്രസാദിച്ചു. എന്നാൽ കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും കർത്താവു പ്രസാദിച്ചില്ല. ഇതു കായേനെ അത്യധികം കോപിപ്പിച്ചു. അവന്റെ മുഖം കറുത്തു. കർത്താവ് കായേനോടു ചോദിച്ചു: നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽതന്നെ പതിയിരിക്കുന്നുണ്ടെന്ന് ഓർക്കണം. അതുനിന്നിൽ താൽപര്യം വെച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം.

ഒരു ദിവസം കായേൻ തന്റെ സഹോദരൻ ആബേലിനോടു പറഞ്ഞു: നമുക്കു വയലിലേക്കു പോകാം. അവർ വയലിലായിരിക്കെ കായേൻ ആബേലിനോടു കയർത്ത് അവനെ കൊന്നു. കർത്താവ് കായേനോടു ചോദിച്ചു: നിന്റെ സഹോദരൻ ആബേൽ എവിടെ? അവൻ പറഞ്ഞു: എനിക്കറിഞ്ഞുകൂടാ. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? എന്നാൽ കർത്താവു പറഞ്ഞു: നീയെന്താണു ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കൈയിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ്

പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. കൃഷി ചെയ്യുമ്പോൾ മണ്ണ് നിനക്ക് ഫലം തരുകയില്ല. നീ ഭൂമിയിൽ അലഞ്ഞുതിരിയുന്നവനായിരിക്കും. കായേൻ കർത്താവിനോട് പറഞ്ഞു: എനിക്ക് വഹിക്കാവുന്നതിലും വലുതാണ് ഈ ശിക്ഷ. ഇന്ന് അവിടുന്ന് എന്നെ ഈ സ്ഥലത്തുനിന്ന് ആട്ടിപ്പായിച്ചിരിക്കുന്നു. അങ്ങയുടെ സന്നിധിയിൽനിന്ന് ഞാൻ ഒളിച്ചു നടക്കണം, ഞാൻ ഭൂമിയിൽ ഉഴലുന്നവനായിരിക്കും. കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും.

കർത്താവു പറഞ്ഞു: ഒരിക്കലുമില്ല. കായേനെ കൊല്ലുന്നവന്റെ മേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും. ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെ മേൽ ഒരടയാളം പതിച്ചു. കായേൻ കർത്താവിന്റെ സന്നിധിവിട്ട് ഏദനു കിഴക്ക് നോദു ദേശത്ത് വാസമുറപ്പിച്ചു" (ഉൽപത്തി: 4:1-16).

കായേൻ-ആബേൽ സംഭവം ഖുർആനിൽ വിവരിച്ചത് ഇങ്ങനെ:

"നീ അവർക്ക് ആദമിന്റെ രണ്ടു പുത്രന്മാരുടെ കഥ വസ്തുനിഷ്ഠമായി വിവരിച്ചുകൊടുക്കുക. അവരിരുവരും ബലി നടത്തിയപ്പോൾ ഒരാളുടെ ബലി സ്വീകാര്യമായി. അപരന്റേത് സ്വീകരിക്കപ്പെട്ടില്ല. അതിനാൽ അവൻ പറഞ്ഞു: 'ഞാൻ നിന്നെ കൊല്ലുകതന്നെ ചെയ്യും.'

അപരൻ പറഞ്ഞു: 'ഭക്തന്മാരുടെ ബലിയേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.

'എന്നെ കൊല്ലാൻ നീ എന്റെ നേരെ കൈനീട്ടിയാലും നിന്നെ കൊല്ലാൻ ഞാൻ നിന്റെ നേരെ കൈ നീട്ടുകയില്ല. തീർച്ചയായും ഞാൻ പ്രപഞ്ചനാഥനായ അല്ലാഹുവെ ഭയപ്പെടുന്നു.

'എന്റെ പാപവും നിന്റെ പാപവും നീതന്നെ പേറണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ നീ നരകാവകാശിയായിത്തീരണമെന്നും. അക്രമികൾക്കുള്ള പ്രതിഫലം അതാണല്ലോ.'

എന്നിട്ടും അവന്റെ മനസ്സ് തന്റെ സഹോദരനെ വധിക്കാൻ തയാറായി. അങ്ങനെ അവൻ അയാളെ കൊന്നു. അതിനാൽ അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായി.

പിന്നീട് അവന് തന്റെ സഹോദരന്റെ മൃതദേഹം മറവു ചെയ്യേണ്ടതെങ്ങനെയെന്ന് കാണിച്ചുകൊടുക്കാനായി ഒരു കാക്കയെ അല്ലാഹു അയച്ചു. അത് മണ്ണിൽ ഒരു കുഴിയുണ്ടാക്കുകയായിരുന്നു. ഇതുകണ്ട് അയാൾ വിലപിച്ചു: 'കഷ്ടം! എന്റെ സഹോദരന്റെ മൃതദേഹം മറമാടുന്ന കാര്യത്തിൽ ഈ കാക്കയെപ്പോലെയാകാൻ പോലും എനിക്കു കഴിഞ്ഞില്ലല്ലോ.' അങ്ങനെ അവൻ കൊടും ഖേദത്തിലകപ്പെട്ടു.

അക്കാരണത്താൽ ഇസ്രാഈൽ സന്തതികളോട് നാം കൽപിച്ചു: 'ആരെയെങ്കിലും കൊന്നതിനോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ വല്ലവനും ഒരാളെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചവനെപ്പോലെയാണ്. ഒരാളുടെ ജീവൻ രക്ഷിച്ചാൽ മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിച്ചവനെപ്പോലെയും.' നമ്മുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ അടുത്തു വന്നിട്ടുണ്ടായിരുന്നു. എന്നിട്ട് പിന്നെയും അവരിലേറെ പേരും ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുന്നവരാണ്" (5:27-32).

സമൃദ്ധമായ ഏദൻതോട്ടത്തിലെ ഒരു വൃക്ഷത്തിന്റെ പഴമൊഴിച്ച് മറ്റെല്ലാ വൃക്ഷങ്ങളുടെയും പഴങ്ങൾ തിന്നാൻ അനുവദിച്ച അല്ലാഹുവിന്റെ കൽപന ലംഘിച്ച്, അരുതെന്ന് കൽപിച്ച വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചതാണ് മനുഷ്യന്റെ ആദ്യപാപമെന്ന ബൈബിൾ പ്രസ്താവനയോടും ഖുർആൻ യോജിപ്പാണ്. ദൈവകൽപനയുടെ ലംഘനമാണല്ലോ പാപം. വിലക്കപ്പെട്ട പഴം തിന്ന് ആദം ചെയ്ത ആദ്യപാപ സംഭവത്തെപ്പറ്റി ബൈബിൾ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"യഹോവയായ ദൈവം സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വെച്ച് കൗശലമേറിയതായിരുന്നു സർപ്പം. അതു സ്ത്രീയോടു ചോദിച്ചു: തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം കൽപിച്ചിട്ടുണ്ടോ? സ്ത്രീ സർപ്പത്തോടു പറഞ്ഞു: തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്; ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്ന് ദൈവം പറഞ്ഞിട്ടുണ്ട്. സർപ്പം സ്ത്രീയോടു പറഞ്ഞു: നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം. ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നുകണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി. വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നുമാറി തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു. അവിടുന്നു പുരുഷനെ വിളിച്ചു ചോദിച്ചു: നീ എവിടെയാണ്? അവൻ മറുപടി പറഞ്ഞു: തോട്ടത്തിൽ അവിടുത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്. അവിടുന്നു ചോദിച്ചു: നീ നഗ്നനാണെന്ന് നിന്നോടാരു പറഞ്ഞു? തിന്നരുതെന്ന് ഞാൻ കൽപിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ? അവൻ പറഞ്ഞു: അങ്ങ് എനിക്കു കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു; ഞാൻ അതു തിന്നു. യഹോവയായ ദൈവം സ്ത്രീയോടു ചോദിച്ചു: നീ എന്താണ് ഈ ചെയ്തത്? അവൾ പറഞ്ഞു: സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു.

യഹോവയായ ദൈവം സർപ്പത്തോടു പറഞ്ഞു: ഇതു ചെയ്തതുകൊണ്ട് നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയുമിടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞുനടക്കും. ജീവിതകാലം മുഴുവൻ നീ പൊടിതിന്നും. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപിക്കും. അവിടുന്നു സ്ത്രീയോടു പറഞ്ഞു: നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും, നിനക്കു ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും. ആദത്തോട് അവിടുന്ന് പറഞ്ഞു: തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ട് നീ തിന്നതുകൊണ്ട് നീമൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലം മുഴുവൻ കഠിനാധ്വാനം കൊണ്ട് നീ അതിൽനിന്ന് കാലയാപനം ചെയ്യും. അത് മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ ഭക്ഷിക്കും. മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്, പൊടിയിലേക്കുതന്നെ മടങ്ങും" (ഉൽപത്തി: 3:1-19).

പിശാചിന്റെ കെണിയിൽപെട്ട് വിലക്കപ്പെട്ട മരത്തിന്റെ പഴം തിന്ന് ആദിമാതാപിതാക്കൾ വഞ്ചിതരായ കഥ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു:

"ആദം, നീയും നിന്റെ ഇണയും ഈ സ്വർഗത്തിൽ താമസിക്കുക. നിങ്ങൾക്കിരുവർക്കും ഇഷ്ടമുള്ളിടത്തുനിന്ന് തിന്നാം. എന്നാൽ ഈ മരത്തോട് അടുക്കരുത്; നിങ്ങൾ അക്രമികളിൽ പെട്ടുപോകും.

പിന്നെ പിശാച് ഇരുവരോടും ദുർമന്ത്രണം നടത്തി; അവരിൽ ഒളിഞ്ഞിരിക്കുന്ന നഗ്നസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്താൻ. അവൻ പറഞ്ഞു: 'നിങ്ങളുടെ നാഥൻ ഈ മരം

നിങ്ങൾക്ക് വിലക്കിയത് നിങ്ങൾ മലക്കുകളായി മാറുകയോ ഇവിടെ നിത്യ വാസികളായിത്തീരുകയോ ചെയ്യുമെന്നതിനാൽ മാത്രമാണ്.'

അങ്ങനെ അവരിരുവരെയും അവൻ വഞ്ചനയിലൂടെ വശപ്പെടുത്തി. ഇരുവരും ആ മരത്തിന്റെ രുചി ആസ്വദിച്ചു. അതോടെ തങ്ങളുടെ നഗ്നത ഇരുവർക്കും വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ ചേർത്തുവെച്ച് അവർ തങ്ങളുടെ ശരീരം മറയ്ക്കാൻ തുടങ്ങി. അവരുടെ നാഥൻ ഇരുവരെയും വിളിച്ചു ചോദിച്ചു: 'ആ മരം നിങ്ങൾക്കു ഞാൻ വിലക്കിയിരുന്നില്ലേ? പിശാച് നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്ന് നിങ്ങളോട് പറഞ്ഞിരുന്നില്ലേ?'

ഇരുവരും പറഞ്ഞു: 'ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടു തന്നെ അതിക്രമം കാണിച്ചിരിക്കുന്നു. നീ മാപ്പേകുകയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഉറപ്പായും ഞങ്ങൾ നഷ്ടം പറ്റിയവരായിത്തീരും.'

അല്ലാഹു കൽപിച്ചു: 'ഇറങ്ങിപ്പോകൂ. നിങ്ങളന്യോന്യം ശത്രുക്കളായിരിക്കും. ഭൂമിയിൽ നിങ്ങൾക്കു താമസസൗകര്യമുണ്ട്. നിശ്ചിത കാലം വരെ ജീവിതവിഭവങ്ങളും.'

അവൻ പറഞ്ഞു: 'നിങ്ങൾ അവിടെത്തന്നെ ജീവിക്കും. അവിടെത്തന്നെ മരിക്കും. അവിടെനിന്നുതന്നെ നിങ്ങളെ പുറത്തുകൊണ്ടുവരികയും ചെയ്യും" (7:19-25).

സുഖസമ്പൂർണമായ ഏദൻതോട്ടത്തെപ്പറ്റിയുള്ള ബൈബിൾ- ഖുർആൻ വിവരണങ്ങളിൽ സാരമായ ചില അന്തരങ്ങൾ കാണാൻ കഴിയുന്നുണ്ട്. ഖുർആനിൽ സ്വർഗം തന്നെ ഏദൻതോട്ടം. പാപം ചെയ്ത ആദിമാതാപിതാക്കളെ അവിടെനിന്നു പുറത്താക്കിയാണ് ഭൂമിയിലേക്ക് അയച്ചത്. പിന്നീട് ഭൂമിയായി അവരുടെ വാസസ്ഥാനം.

എന്നാൽ ബൈബിളിലെ ഏദൻതോട്ടം ഭൂമിയിലായിരുന്നു. യൂഫ്രട്ടീസ്-ടൈഗ്രീസ് നദികളും മറ്റു രണ്ടു നദികളും ഒഴുകുന്ന ഫലഭൂയിഷ്ഠവും സമ്പന്നവുമായ പ്രദേശം. ഒരുപക്ഷേ, ഇന്നത്തെ ഇറാഖും പരിസര പ്രദേശങ്ങളും അടങ്ങുന്ന ദേശം.

നല്ല പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും വളർന്നിരുന്ന ആ തോട്ടത്തിന്റെ മധ്യഭാഗത്തെ രണ്ടു വൃക്ഷങ്ങളെപ്പറ്റി ബൈബിൾ പ്രത്യേകം പരാമർശിക്കുന്നു. ഒന്നിനെപ്പറ്റിയേ ഖുർആൻ പ്രതിപാദിക്കുന്നുള്ളൂ. പഴം ഭക്ഷിക്കരുതെന്ന് ദൈവം വിലക്കിയതും പിശാച് തന്ത്രപൂർവം സ്ത്രീയെ വഞ്ചിച്ച് പഴം ഭക്ഷിപ്പിച്ചതും മനുഷ്യവർഗത്തെ അപകടത്തിൽപെടുത്തിയതുമായ മരം. മറ്റേത് ജീവന്റെ മരം. ഒരു വൃക്ഷത്തിന്റെ ഫലമേ അല്ലാഹു നിരോധിച്ചിരുന്നുള്ളൂ. മറ്റേതിന്റെ ഫലം അവർക്കു കഴിക്കാമായിരുന്നു, ആവശ്യമെങ്കിൽ. അതിന്റെ പഴം തിന്നാൽ മനുഷ്യൻ മരിക്കാതെ എന്നും ജീവിക്കുമെന്നതായിരുന്നു ആ ജീവവൃക്ഷത്തിന്റെ പ്രത്യേകത. എന്നാൽ നിരോധിച്ച മരത്തിന്റെ പഴം തിന്നുന്നതിനു മുമ്പ് മറ്റേ മരത്തിന്റെ പഴം മനുഷ്യൻ തിന്നിരുന്നില്ല. അതിനാൽ ദൈവ കൽപന ലംഘിച്ച് പാപിയായിത്തീർന്ന മനുഷ്യൻ ജീവവൃക്ഷത്തിന്റെ പഴം ഭക്ഷിച്ച് മരണമില്ലാതെയും പാപത്തിൽനിന്ന് മുക്തി നേടാൻ അവസരമില്ലാതെയും എന്നും ജീവിക്കാതിരിക്കാനായി ദൈവം ആ മരത്തിന് ഉടനെത്തന്നെ ചില ശ്രേഷ്ഠ മാലാഖമാരെക്കൊണ്ട് കാവൽ ഏർപ്പെടുത്തി. ബൈബിൾ അത് ഇങ്ങനെ വിവരിക്കുന്നു:

"യഹോവയായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി, താൻ രൂപം കൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു. കാഴ്ചക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവൻ മണ്ണിൽനിന്നും പുറപ്പെടുവിച്ചു. ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ അവൻ വളർത്തി" (ഉൽപത്തി: 2:8,9).

"അനന്തരം യഹോവയായ ദൈവം പറഞ്ഞു: 'മനുഷ്യനിതാ നന്മയും തിന്മയും അറിഞ്ഞ് നമ്മിലൊരുവനെപ്പോലെയായിരിക്കുന്നു. ഇനി അവൻ കൈനീട്ടി ജീവന്റെ വൃക്ഷത്തിൽനിന്നുകൂടി പറിച്ചുതിന്ന് അമർത്യനാകാൻ ഇടയാകരുത്. യഹോവ അവരെ ഏദൻതോട്ടത്തിൽനിന്നും പുറത്താക്കി; മണ്ണിൽനിന്നെടുത്ത മനുഷ്യനെ മണ്ണിനോടു മല്ലിടാൻ വിട്ടു. മനുഷ്യനെ പുറത്താക്കിയ ശേഷം ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴികാക്കാൻ ഏദൻ തോട്ടത്തിനു കിഴക്ക് ദൈവം മാലാഖമാരെ കാവൽ നിർത്തി; എല്ലാ വശത്തേക്കും കറങ്ങുന്നതും തീജ്വലിക്കുന്നതുമായ ഒരു വാളും ദൈവം സ്ഥാപിച്ചു" (ഉൽപത്തി: 3: 22-24).

(തുടരും)